പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6736 01.11.2011 -ൽ മറുപടി നൽകേണ്ടിയിരുന്നത്

**കൃഷ്ണൻ നായരുടെ ദുരൂഹമരണം സംബന്ധിച്ച കേസന്വേഷണം**

**ചോദ്യം** **ഉത്തരം**

ശ്രീ. ആർ.രാജേഷ്

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | 01.11.2011 - ൽ നൽകിയ മറുപടി | അന്തിമ മറുപടി |
|---|---|---|---|---|
| (എ) | 1991– 1995 കാലയളവിൽ സംസ്ഥാന ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രിയായിരുന്നത് ആരായിരുന്നെന്ന് അറിയിക്കുമോ; | (എ) | ശ്രീ.ആർ.ബാലകൃഷ്ണപിള്ള. | ശ്രീ.ആർ.ബാലകൃഷ്ണപിള്ള. |
| (ബി) | അന്നത്തെ കെ.എസ്.ആർ.ടി.സി എം.ഡി.യുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന കൃഷ്ണൻ നായരുടെ ദുരൂഹമരണം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടന്നിരുന്നോ ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ ; | (ബി) | കെ.എസ്.ആർ.ടി.സി മുൻ എം.ഡി.യുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന കൃഷ്ണൻ നായർ തിരുവനന്തപുരം കോട്ടയ്ക്കകം കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസ് കെട്ടിടത്തിന്റെ അഞ്ചാം നിലയിൽ എം.ഡിയുടെ | കെ.എസ്.ആർ.ടി.സി മുൻ എം.ഡി.യുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന കൃഷ്ണൻ നായർ തിരുവനന്തപുരം കോട്ടയ്ക്കകം കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസ് കെട്ടിടത്തിന്റെ അഞ്ചാം നിലയിൽ എം.ഡിയുടെ |

| | | | | |
|---|---|---|---|---|
| | | | വിശ്രമമുറിയിലുള്ള ഒരു ഫാനിൽ 23.01.1994 നും 24.01.1994 08.10 എ.എം. നും ഇടയ്ക്കുള്ള ഏതോ സമയം കെട്ടിത്തൂങ്ങി മരണപ്പെട്ടുപോയതിലേക്ക് പേരൂർക്കട വില്ലേജിൽ മണികണ്ഠേശ്വരം വാർഡിൽ കോണത്ത് പുത്തൻ വീട്ടിൽ വേലായുധൻപിള്ള മകൻ ഗോപാലകൃഷ്ണൻ നായരുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം 38/94/U/S 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും 20.02.1994-ന് Suicide ആയി പരിഗണിച്ച് കോടതിയ്ക്ക് ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. | വിശ്രമമുറിയിലുള്ള ഒരു ഫാനിൽ 23.01.1994 നും 24.01.1994 08.10 എ.എം. നും ഇടയ്ക്കുള്ള ഏതോ സമയം കെട്ടിത്തൂങ്ങി മരണപ്പെട്ടുപോയതിലേക്ക് പേരൂർക്കട വില്ലേജിൽ മണികണ്ഠേശ്വരം വാർഡിൽ കോണത്ത് പുത്തൻ വീട്ടിൽ വേലായുധൻപിള്ള മകൻ ഗോപാലകൃഷ്ണൻ നായരുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം 38/94/U/S 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും 20.02.1994-ന് Suicide ആയി പരിഗണിച്ച് കോടതിയ്ക്ക് ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത മരണവുമായി ബന്ധപ്പെട്ട് അന്നത്തെ വകുപ്പ് മന്ത്രിയുടെ ഇടപെടൽ മൂലം കേസ് അട്ടിമറിക്കപ്പെട്ടുവെന്ന വിവരം ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | | |
|---|---|---|---|---|
| (ഡി) | കേസ് സി.ബി.ഐ യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന അഭിപ്രായത്തെ സർക്കാർ നിരാകരിച്ചത് എന്തുകൊണ്ടാണ് ; | (ഡി) യും (ഇ) യും | വിവരം ശേഖരിച്ചു നൽകുന്നതാണ്. | പരാമർശ കേസ് സി.ബി.ഐ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പരാതിയോ നിവേദനമോ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഈ കേസ് സി.ബി.ഐ യെക്കൊണ്ട് പുനരന്വേഷണം നടത്തണമെന്ന് ആവശ്യം ഇപ്പോഴും ഉയർന്നുവരുന്നതിനാൽ അനുകൂലമായി തീരുമാനം കൈക്കൊള്ളുമോ ? | | | |

സെക്ഷൻ ഓഫീസർ